EMERGENCY CALLS

POLICE				HOSPITAL	
ഹൈവേ പൊലീസ്		പൊലീസ് കൺട്രോൾ റൂം	100	അനന്തപുരി	2579900
കൺട്രോൾ റൂം	9846100100	സൈബർ സെൽ	2329107	കിംസ്	2447575
വനിതാ ഹെൽപ്‌ലൈൻ	9995399953	ഡി.ജി.പി	9497999999	എസ് യു ടി	4077777, 4177777
ക്രൈം സ്റ്റോപ്പർ	1090	കമ്മിഷണർ	9497996991	ശിവഗിരി ശ്രീനാരായണ മെഡി. മിഷൻ ഹോസ്പിറ്റൽ, വർക്കല	0470 2602248, 2602249

ശ്രീജുവിന്റെ കസ്റ്റഡി മരണം അന്വേഷിക്കണം

തിരുവനന്തപുരം: ശ്രീജുവിന്റെ കസ്റ്റഡി മരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് 761 ദിവസമായി സെക്രട്ടേറിയറ്റിന് മുന്നിൽ സഹോദരൻ ശ്രീജിത്ത് ജീവൻ നടത്തുന്ന സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് യുവമോർച്ച ആവശ്യപ്പെട്ടു. കേസിന്റെ നിലവിലെ സാഹചര്യം ജനങ്ങളെ അറിയിക്കാൻ അധികൃതർ തയ്യാറാകണമെന്ന് യുവമോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി ആർ.എസ്. രാജീവ് ആവശ്യപ്പെട്ടു. യുവമോർച്ച നേതാക്കൾ സമരം നടത്തുന്ന ശ്രീജിത്തിനെ സന്ദർശിച്ചു.

വാഴ്‌വേലിക്കോണം ദേവീക്ഷേത്രം

തിരുവനന്തപുരം : വാമനപുരം വാഴ്‌വേലിക്കോണം ദേവീക്ഷേത്രത്തിൽ എല്ലാ വർഷവും മകരം ഒന്നിന് നടത്തിവരാറുള്ള സമൂഹ പൊങ്കാല തിങ്കളാഴ്ച രാവിലെ 10ന് ആരംഭിക്കും. രാവിലെ 10 ന് പൊങ്കാല, 11 ന് പൊങ്കാല നിവേദിക്കും.

നിവേദനം നൽകി

തിരുവനന്തപുരം: സമുദായത്തെ ബാധിക്കുന്ന വിഷയങ്ങൾ ചൂണ്ടിക്കാട്ടി ജസ്റ്റിസ് ശിവരാജൻ കമ്മിഷന് പണ്ഡിതർ വിളക്കിത്തല നായർ സഭ നിവേദനം നൽകി. സംഘടനാ സംസ്ഥാന പ്രസിഡന്റ് മംഗലയ്ക്കൽ അശോകൻ, ജില്ലാ സെക്രട്ടറി നേമം സുരേഷ്, പ്രസിഡന്റ് തിരുമല വിജയകുമാർ, കമ്മിറ്റി അംഗങ്ങളായ രാജേഷ് ശങ്കരി, കള്ളിക്കാട് രാമചന്ദ്രൻ, താലൂക്ക് യൂണിയൻ ഭാരവാഹികളായ വെള്ളറട ചന്ദ്രബാബു, വെൺപകൽ മഹേഷ് എന്നിവരുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

നിയന്ത്രണങ്ങൾ നീക്കണം : ശിവസേന

തിരുവനന്തപുരം: അഗസ്ത്യാർ കൂടത്തിൽ ഭക്തർക്ക് വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കണമെന്ന് ശിവസേന കേരള രാജ്യപ്രമുഖ് എം.എസ്. ഭുവനചന്ദ്രൻ ആവശ്യപ്പെട്ടു.

സൗജന്യ പരിശീലനം

തിരുവനന്തപുരം : യുവജന സേവാസമിതിയുടെ ആഭിമുഖ്യത്തിൽ ഹയർസെക്കൻഡറി ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിലേക്കുള്ള പരീക്ഷ എഴുതുന്നവർക്കായി സൗജന്യ പരിശീലനക്ലാസ് സംഘടിപ്പിക്കുന്നു.

തമ്പാനൂർ എസ്.എസ് കോവിൽ റോഡിൽ ഫെബ്രുവരി 25 വരെ എല്ലാ ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസ്. വിശദവിവരങ്ങൾക്ക് ഫോൺ: 8129425865, 9567143153

കേരള സർവകലാശാലയുടെ എം. എസ്‌സി (എൻവയൺമെന്റൽ സയൻസ്) പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ സി. കരോണ. വാവറമ്പലം സ്കൈലാർക്കിൽ ജി. ക്ലാവുഡിന്റെയും ആർ. ക്ലാരയുടെയും മകളാണ്

ധനസഹായ വിതരണം

തിരുവനന്തപുരം : ജില്ലാ ടെയ്‌ലറിംഗ് ആർട്ടിസാൻസ് ആൻഡ് സ്കിൽഡ് വർക്കേഴ്സ് യൂണിയന്റെ (എ.ഐ.ടി.യു.സി) നേതൃത്വത്തിൽ നടത്തിയ ധനസഹായ വിതരണോദ്ഘാടനം എ.ഐ.ടിയുസി ജില്ലാ സെക്രട്ടറി എം.രാധാകൃഷ്ണൻ നായർ നിർവഹിച്ചു. ശശികുമാർ അദ്ധ്യക്ഷത വഹിച്ചു.

കേരള കോൺഗ്രസ് (ബി) ജില്ലാ പ്രസിഡന്റ് എസ്.വി. സുരേന്ദ്രൻ പിള്ളയും ജനറൽ സെക്രട്ടറി അമ്പലത്തറ സന്തോഷ്‌കുമാറും

വാഹനങ്ങളിൽ നിന്ന് പെട്രോൾ മോഷ്ടിച്ചു

പേരൂർക്കട : നിറുത്തിയിട്ടിരിക്കുന്ന ഓട്ടോറിക്ഷ അടക്കമുള്ള വാഹനങ്ങളിൽനിന്ന് പ്രെട്രോൾമോഷ്ടിക്കുന്നതായി പരാതി. പേരൂർക്കട ആയൂർക്കോണം റസിഡന്റ്സ് അസോസിഷൻ ഭാഗത്താണ് മോഷണം പതിവായത്. വാഹനങ്ങളിൽ നിന്ന് ബാറ്ററിയുൾപ്പെടെയുള്ളവ നഷ്ടപ്പെട്ടതായും പരാതിയുണ്ട്.

ഇതുസംബന്ധിച്ച് ആയൂർക്കോണം റസിഡന്റ്സ് അസോസിയേഷൻ പേരൂർക്കട പൊലീസിൽ പരാതി നൽകി. പൊലീസ് പട്രോളിംഗ് ശക്തമാക്കിയതായി പേരൂർക്കട എസ്. ഐ വി.എം. ശ്രീകുമാർ പറഞ്ഞു.

കരുണ നിറഞ്ഞാൽ മനുജ മടങ്ങിയെത്തും

വർക്കല: ഇരു വൃക്കകളും തകരാറിലായ നിർദ്ധനയുവതി സുമനസുകളുടെ കാരുണ്യം തേടുന്നു. പാരിപ്പള്ളി കുളമട കാവടിക്കോണത്ത് ആലപ്പാട്ട് വീട്ടിൽ സുരേഷ് കുമാറിന്റെ ഭാര്യ മനുജ (37) യാണ് വൃക്ക മാറ്റിവയ്ക്കാൻ സഹായം തേടുന്നത്. പെട്ടെന്ന് ബാധിച്ച തളർച്ച കശുഅണ്ടി തൊഴിലാളിയായിരുന്ന മനുജയെ ജോലിക്ക് പോകാൻ കഴിയാത്ത സ്ഥിതിയിലാക്കി. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിദഗ്ധ പരിശോധനയിലാണ് രണ്ട് വൃക്കകളും തകരാറിലായ വിവരമറിയുന്നത്. എത്രയും വേഗം കിഡ്നി മാറ്റി വയ്ക്കണം എന്നാണ് ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന് 25 ലക്ഷം രൂപയോളം ചെലവ്‌വരും. ജീവൻ നിലനിറുത്താൻ ഇപ്പോൾ ആഴ്ചയിൽ രണ്ട് ദിവസം ഡയാലിസിസ് നടത്തുകയാണ്.

മനുജ

കൂലിപ്പണിക്കാരനായ സുരേഷ്‌കുമാർ ഇത്രയും വലിയ തുക കണ്ടെത്താനുള്ള നെട്ടോട്ടത്തിലാണ്. ഭാര്യയുടെ ചികിത്സയ്ക്കായി ആശുപത്രിയിൽ പോകുന്നതിനാൽ ജോലിക്ക് പോകാനും കഴിയാത്ത സ്ഥിതിയാണ്. സുരേഷ്‌കുമാറിന്റെ ഏക വരുമാനമാണ് കുടുംബത്തിന്റെ ആശ്രയം. ഇവരുടെ മക്കൾ പാരിപ്പള്ളി അമൃതാ സ്കൂളിൽ പ്ലസ്‌വണിലും ഒൻപതാം ക്ലാസിലും പഠിക്കുകയാണ്. സുമനസുകളുടെ സഹായം ലഭിച്ചാൽ മാത്രമേ മനുജയുടെ ജീവൻ രക്ഷിക്കാൻ കഴിയുകയുള്ളൂ. ചികിത്സാസഹായത്തിനായി സുരേഷ് കുമാറിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പാരിപ്പള്ളി ബ്രാഞ്ചിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. അക്കൗണ്ട് നമ്പർ : 67386264503, IFSC - SBIN 0070074, ഫോൺ : 989574 2367.

സി.പി.എം ജില്ലാ സമ്മേളനം കോടിയേരി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം : മൂന്ന് ദിവസത്തെ സി.പി.എം ജില്ലാ സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം ഫെബ്രുവരി 3ന് രാവിലെ പത്തിന് എ.കെ.ജി ഹാളിൽ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ 18 ഏരിയാ കമ്മിറ്റികളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

പ്രതിനിധി സമ്മേളനത്തിന് മുന്നോടിയായി രക്തസാക്ഷി കുടീരത്തിൽ പുഷ്പാർച്ചന നടത്തും. സ്വാഗത ഗാനാലാപനവും ഉണ്ടാകും.

തിരുവനന്തപുരത്തിന്റെ വിപ്ലവചരിത്രങ്ങളുടെയും പോരാട്ടങ്ങളുടെയും രക്താസാക്ഷിത്വങ്ങളുടെയും സ്മരണകളിരമ്പുന്ന സ്വാഗതഗാനം രചിച്ചത് പിരപ്പൻകോട് മുരളിയാണ്. പ്രതിനിധി സമ്മേളനത്തിന്റെ ഉദ്ഘാടന സെഷനിൽ ജില്ലയിലെ സാംസ്കാരിക - സാമൂഹിക- കലാ - രാഷ്ട്രീയ മേഖലയിലെ പ്രമുഖർ പങ്കാളികളാവും. സമ്മേളനം 5ന് സമാപിക്കും.

കാണാതാകുന്ന കണ്ടലുകൾ

KAUMUDI SPECIAL

◗ സജീവ് ഗോപാലൻ

വർക്കല: താലൂക്കിലെ കായലോരങ്ങളിൽ സംരക്ഷണ ഭിത്തിയായി നിലകൊള്ളുന്ന കണ്ടൽച്ചെടികൾ വംശനാശഭീഷണി നേരിടുന്നു. കായൽ കൈയേറ്റവും മലിനീകരണവും ഈ മേഖലയിലെ കണ്ടൽകാടുകളുടെ നാശത്തിന് വഴിയൊരുക്കുന്നതായാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇത് ജൈവവൈവിദ്ധ്യത്തിനും ഭീഷണിയാവുകയാണ്.

കാപ്പിൽ കിളിമുക്കം, ഇടവ, നടയറ, ഹരിഹരപുരം, പേരേറ്റിൽ, മൂങ്ങോട്, പണയിൽകടവ്, അകത്തുമുറി, അഞ്ചുതെങ്ങ്, കോവിൽതോട്ടം തുടങ്ങിയ കായൽപ്രദേശം ജൈവവൈവിദ്ധ്യങ്ങളുടെ കലവറയാണ്. വ്യത്യസ്തയിനം കണ്ടൽച്ചെടികളാണ് ഈ പ്രദേശത്ത് ഉണ്ടായിരുന്നത്. ഇവയിൽ പലതും വെട്ടിനശിപ്പിക്കപ്പെട്ടിട്ടുണ്ട്. കടകണ്ടൽ, കണ്ണാംപൊട്ടി, പേകണ്ടൽ, കുറ്റികണ്ടൽ എന്നീ ഇനങ്ങളിൽപ്പെട്ട കണ്ടൽച്ചെടികളാണ് താലൂക്കിലുടനീളം പ്രധാനമായും കണ്ടുവന്നിരുന്നത്. ഏക്കറുകണക്കിന് വിസ്തൃതിയിൽ മനോഹരമായ തുരുത്തുകളും ഈ മേഖലയിലുണ്ട്. തുരുത്തുകളിലും കായൽതീരത്തും കായലിനുള്ളിലെ ചതുപ്പ് പ്രദേശങ്ങളിലുമായാണ് കണ്ടൽക്കാടുകൾ വ്യാപകമായുണ്ടായിരുന്നത്. എന്നാൽ ഇവ വെട്ടിനശിപ്പിച്ച് മണ്ണിട്ട് നികത്തി കരഭൂമിയാക്കുകയാണ്.

കൈയേറ്റങ്ങൾക്ക് പുറമേ കായൽ മലിനീകരണവും കണ്ടൽക്കാടുകളുടെ നിലനില്പിനു ഭീഷണിയായിട്ടുണ്ട്. ഹോട്ടലുകളിലും കല്യാണമണ്ഡപങ്ങളിലും നിന്നുള്ള മാലിന്യങ്ങളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളും രാത്രികാലങ്ങളിൽ വാഹനങ്ങളിൽ കൊണ്ടുവന്ന് കായലിൽ നിക്ഷേപിക്കുന്നതു പതിവാണ്. മലിനീകരണവും കണ്ടൽചെടികൾ നശിപ്പിക്കുന്നതും കായലിലെ മത്സ്യസമ്പത്തിന് ഭീഷണിയാവുന്നുണ്ട്. മത്സ്യങ്ങളുടെ പ്രജനനത്തിന് കണ്ടൽചെടികൾ അനിവാര്യമെന്നിരിക്കെ ഇവ ഇല്ലാതാകുന്നതോടെ മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയും താളം തെറ്റുന്നു. അപൂർവയിനം മത്സ്യങ്ങളാണ് ഇക്കാരണത്താൽ വംശനാശഭീഷണി നേരിടുന്നത്. ഉൾനാടൻ മത്സ്യബന്ധനത്തെ ആശ്രയിക്കുന്ന നിരവധിപേർ താലൂക്കിലുണ്ട്. പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കാൻ കണ്ടലുകൾക്കുള്ള സവിശേഷസിദ്ധി അപാരമാണ്.

കരയെ കാർന്നെടുക്കാൻ എത്തുന്ന തിരമാലകളെ ഒരു പരിധിവരെ കണ്ടൽച്ചെടികൾ പ്രതിരോധിച്ചിരുന്നു. എന്നാൽ അതത് പഞ്ചായത്ത് പ്രദേശങ്ങളിലെ കണ്ടലുകളെ സംരക്ഷിക്കാൻ പോന്ന പദ്ധതികൾ ആവിഷ്കരിക്കാൻ പ്രാദേശിക ഭരണകൂടങ്ങൾക്കും കഴിയുന്നില്ല. കണ്ടലുകളെ സംരക്ഷിച്ച് ചേർപ്പൊരുക്കി ചെമ്മീൻ ഉൾപ്പെടെ കൃഷി ചെയ്യാവുന്ന സാഹചര്യമുണ്ടെങ്കിലും ഇതൊന്നും എവിടെയും നടപ്പാക്കിയിട്ടില്ല.

ഹൃദയാലയ മൾട്ടിസ്പെഷ്യലിറ്റി ക്ലിനിക്ക് ഉദ്ഘാടനം

തിരുവനന്തപുരം : പേട്ട പള്ളിമുക്കിൽ ഹൃദയാലയ കാർഡിയോളജി സെന്റർ ആൻഡ് മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്ക് ഇന്ന് പ്രവർത്തനം ആരംഭിക്കും.

രാവിലെ 9ന് കേരളകൗമുദി ചീഫ് എഡിറ്റർ എം.എസ്. രവിയും നഗരസഭാ ആരോഗ്യസ്ഥിരം സമിതി അദ്ധ്യക്ഷൻ കെ. ശ്രീകുമാറും ചേർന്ന് ഉദ്ഘാടനം ചെയ്യും. നഗരാസൂത്രസ്ഥിരം സമിതി അദ്ധ്യക്ഷൻ ആർ. സതീഷ്‌കുമാർ അദ്ധ്യക്ഷത വഹിക്കും. സിനിമാതാരം ശ്രീലതാ നമ്പൂതിരി, കൗൺസിലർ ഡി. അനിൽകുമാർ, ദീപ്തി ജയപാലൻ, ഡോ. വി. ജയപാലൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

അഗസ്ത്യാർകൂട തീർത്ഥാടനം ഇന്ന് ആരംഭിക്കും

വിതുര: അഗസ്ത്യാർകൂട തീർത്ഥാടനം ഇന്ന് ആരംഭിച്ച് ശിവരാത്രി ദിവസമായ ഫെബ്രുവരി 13ന് സമാപിക്കും.

31 ദിവസം നീണ്ടുനിൽക്കുന്ന തീർത്ഥാടനത്തിൽ ഒരു ദിവസം നൂറ് പേർക്കാണ് പ്രവേശനം അനുവദിച്ചിട്ടുള്ളത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകർ പങ്കെടുക്കും.

വനവാസകാലത്ത് അഗസ്ത്യമുനി ഇവിടെ താമസിച്ചിരുന്നതായാണ് ഐതിഹ്യം. മലയുടെ മുകളിൽ സ്ഥാപിച്ച അഗസ്ത്യമുനിയുടെ വിഗ്രഹത്തിൽ തീർത്ഥാടകർ തന്നെയാണ് പൂജകൾ നടത്തുന്നത്.

രാജ്യാന്തര പ്രശസ്തിയുള്ള അഗസ്ത്യാർകൂടത്തെ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് കർശനനിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

തീർത്ഥാടന ദിനങ്ങൾ വർദ്ധിപ്പിക്കണം

അഗസ്ത്യാർകൂട തീർത്ഥാടകരുടെ എണ്ണം കണക്കിലെടുത്ത് തീർത്ഥാടക ദിനങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശക്തമാകുന്നു. കഴിഞ്ഞ വർഷം 41 ദിവസമാണ് തീർത്ഥാടനം നടന്നത്. അത് ഇക്കുറി 31 ദിവസമായി കുറച്ചിരുന്നു.

ആഴിമല ശിവക്ഷേത്രത്തിലെ 72-ാം വാർഷിക മഹോത്സവത്തിന്റെ തൃക്കൊടിയേറ്റ് ക്ഷേത്രതന്ത്രി സുഗതൻ തന്ത്രി നിർവഹിക്കുന്നു

ഇ.എം.എ കേരള ചാപ്ടർ സമ്മേളനം

തിരുവനന്തപുരം: എമർജൻസി മെഡിസിൻ സ്പെഷ്യലിസ്റ്റ് അസോസിയേഷൻ ഇ.എം.എയുടെ കേരള സ്റ്റേറ്റ് ചാപ്ടർ സമ്മേളനം ആരോഗ്യ സർവകലാശാല വൈസ് ചാൻസിലർ ഡോ. എം.കെ.സി. നായർ ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു, ഗോകുലം മെഡിക്കൽ കോളേജ് ഡീൻ ഡോ. ചന്ദ്രമോഹൻ, അനന്തപുരി ആശുപത്രി സർജിക്കൽ സർവീസ് ഡയറക്ടർ ഡോ. എസ്. മാധവൻ നായർ, ഡോ. തേജ് പ്രകാശ് സിൻഹ, ഡോ. സുൾഫി, ഡോ. വിമൽ കൃഷ്ണൻ, ഡോ. മുഹമ്മദ് ഹനീഫ്, ഡോ. ലിനു എസ്.എം എന്നിവർ പങ്കെടുത്തു.

നാട്ടുകാരെ കബളിപ്പിച്ച് രക്ഷപ്പെട്ട മോഷ്ടാവ് അറസ്റ്റിൽ

കല്ലറ : മോഷണക്കുറ്റം ആരോപിച്ച് നാട്ടുകാർ പിടികൂടി സ്റ്റേഷനിലേക്ക് കൊണ്ടുവരുന്നതിനിടെ രക്ഷപ്പെട്ടയാളെ പാങ്ങോട് പൊലീസ് അറസ്റ്റു ചെയ്തു. കല്ലറ തെങ്ങുംകോട് കെ.ടി കുന്ന് മനു ഭവനിൽ മോൻകുട്ടൻ എന്ന പ്രസാദാണ് (33) അറസ്റ്റിലായത്. വീടിന് സമീപത്തു നിന്ന് ഇന്നലെയാണ് ഇയാളെ പിടികൂടിയത്.

സംഭവത്തെക്കുറിച്ച് പൊലീസ് പറയുന്നത് : മുതുവിളയിലെ ഒരു വർക്ക് ഷോപ്പിൽ മെക്കാനിക്കായിരുന്ന പ്രസാദ് അടുത്തിടെ ഇവിടെനിന്ന് പിരിഞ്ഞു പോയിരുന്നു. ഈ വർക്ക്ഷോപ്പിലെ വാഹനങ്ങളിൽ നിന്ന് ബാറ്ററിയും സ്പെയർ പാർട്ടുസുകളും മോഷണം പോകുന്നത് പതിവായതോടെ ഉടമ പൊലീസിൽ പരാതി നൽകി. ഇതിനിടെ കഴിഞ്ഞ മൂന്നിന് പുലർച്ചെ പ്രസാദ് വർക്ക്ഷോപ്പിലെത്തി മോഷണം നടത്തുന്നത് സമീപവാസികൾ കണ്ടു. തുടർന്ന് പൊലീസ് അന്വേഷണം ശക്തമാക്കിയെങ്കിലും ഇയാൾ മുങ്ങി.

പ്രസാദ്

കഴിഞ്ഞ എട്ടിന് വർക്ക്ഷോപ്പ് ഉടമ വീണ്ടും പ്രസാദിനെ കണ്ടുമുട്ടി. തുടർന്ന് ഒരു ബൈക്ക് നന്നാക്കാനുണ്ടെന്ന് ധരിപ്പിച്ച് നാട്ടുകാരുടെ സഹായത്തോടെ കാറിൽ കയറ്റി പാങ്ങോട് സ്റ്റേഷന സമീപത്തെത്തിച്ചു. എന്നാൽ കാറിൽ നിന്നിറക്കി സ്റ്റേഷനിലേക്ക്കൊണ്ടുവരുമ്പോൾ റോഡിൽ വച്ച് നാട്ടുകാരെ കബളിപ്പിച്ച് രക്ഷപ്പെടുകയായിരുന്നു.

ഇതിന് ശേഷം കഴിഞ്ഞ വ്യാഴാഴ്ച ഇയാളുടെ ഭാര്യ ഭർത്താവിനെ കാണാനില്ലെന്ന് കാണിച്ച് പാങ്ങോട് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊലീസ് മൊബൈൽ ഫോൺ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് വീടിനടുത്തുള്ള ആളില്ലാത്ത വീട്ടുകളിൽ പ്രസാദ് ഒളിച്ചുകഴിയുകയാണെന്ന് കണ്ടെത്തിയത്. രാത്രി പൊലീസെത്തിയപ്പോൾ ഇയാൾ ഓടി രക്ഷപ്പെട്ടെങ്കിലും പൊലീസ് ഇയാളെ പിന്തുടർന്ന് പിടികൂടി. ചോദ്യം ചെയ്യലിൽ മോഷണം നടത്തിയതായി ഇയാൾ സമ്മതിച്ചു. ഇയാളുടെ വീട്ടിൽ നിന്ന് മോഷണ വസ്തുക്കൾ പിടിച്ചെടുത്തിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു. വെഞ്ഞാറമൂട് പൊലീസ് ഇൻസ്പെക്ടർ ആർ. വിജയൻ, പാങ്ങോട് എസ്.ഐ എസ്. നിയാസ്, സുലൈമാൻ, ജയപ്രകാശ്, രാധാകൃഷ്ണൻ, പ്രജിത്, നിസാർ, മനു സുധീഷ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ പിടികൂടിയത്.

കുന്നത്ത് മല കുടിവെള്ള പദ്ധതി കുന്നു കയറുമോ.....?

■ നവീകരിക്കുന്നത് 20 വർഷം പഴക്കമുള്ള പദ്ധതി

◗ ഗിരി അരവിന്ദ്

കല്ലമ്പലം: ചെമ്മരുതി പഞ്ചായത്തിന്റെ കീഴിലെ കുന്നത്തുമല കുടിവെള്ള പദ്ധതി പുനരുദ്ധരിക്കാൻ പഞ്ചായത്ത് തയ്യാറെടുക്കുന്നു. ഇരുപതു വർഷത്തിലേറെ പഴക്കമുള്ള പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് പുതിയ സംരംഭത്തിന് ലക്ഷ്യമിടുന്നത്. പദ്ധതിക്കായി പതിറ്റാണ്ടുകൾക്കു മുമ്പ് നിർമിച്ച തൂണുകൾ കാലപ്പഴക്കത്താൽ ജീർണാവസ്ഥയിലാണ്. ഇവ നീക്കം ചെയ്ത് പുതിയ തൂണുകളും ടാങ്കുകളും പൈപ്പ് ലൈനും സ്ഥാപിച്ച് പുതിയ പദ്ധതി കമ്മിഷൻ ചെയ്യാനാണ് തീരുമാനം. ഇതിനു മുന്നോടിയായി വിദഗ്ധ സമിതിയെ നിയോഗിച്ച് സാങ്കേതികത്വം പഠിക്കും. പദ്ധതിക്കായി പട്ടിക ജാതി വികസന ഫണ്ട് ഉൾപ്പെടെ സാദ്ധ്യമായ വഴികൾ തേടാനാണ് തീരുമാനം.

KAUMUDI ALERT

ശേഷിപ്പുകൾ

- ■ ഏഴാം വാർഡിലെ ജലസമൃദ്ധമായ കിണർ
- ■ ടാങ്കിനായി നിർമിച്ച കോൺക്രീറ്റ് തൂണുകൾ

വഴിയിലായ പദ്ധതി

പട്ടിക ജാതി കോളനികൾ നേരിടുന്ന കുടിവെള്ളക്ഷാമത്തിനു ശാശ്വത പരിഹാരം കാണാൻ കേന്ദ്ര സർക്കാരിന്റെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1998 ലായിരുന്നു പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. 25 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയുടെ നിർവഹണ ചുമതല ഗുണഭോക്തൃസമിതിക്കായിരുന്നു. സ്വകാര്യ വ്യക്തി പദ്ധതിക്കായി വിട്ടു നൽകിയ മൂന്നു സെന്റിലാണ് ടാങ്കിനുള്ള തൂണുകൾ നിർമിച്ചത്. സമീപത്തായി കിണറും നിർമിച്ചിരുന്നു. എന്നാൽ തുടർ നിർമാണങ്ങൾ നിലയ്ക്കുകയായിരുന്നു. രണ്ടുവർഷം മുമ്പ് പദ്ധതി പൂർത്തീകരിക്കാൻ നടന്ന ശ്രമങ്ങളും പരാജയപ്പെട്ടു.

അവഗണനയിൽ മാതൃകാ സങ്കേതം

2014 ലാണ് കുന്നത്ത് മലയെ മാതൃകാ പട്ടിക ജാതി സാങ്കേതമായി സർക്കാർ ഏറ്റെടുത്തത്. കോളനിയുടെ നവീകരണത്തിനായി ഒരു കോടിയുടെ പദ്ധതിക്കും അംഗീകാരമായിരുന്നു. എന്നാൽ കോളനിയുടെ സമഗ്ര നവീകരണത്തിലുൾപ്പെടുത്തി കുന്നത്ത് മല കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ വാട്ടർ അതോറിട്ടിയോടും പട്ടികജാതി ക്ഷേമ വകുപ്പിനോടും പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും പരിഗണിക്കപ്പെട്ടില്ല.

സ്കീം വർക്കേഴ്സിന്റെ പണിമുടക്ക് 17ന്

തിരുവനന്തപുരം : അംഗൻവാടി, ആശ, സ്കൂൾ പാചകം, മഹിളാ പ്രധാൻ ഉൾപ്പെടെയുള്ളവയിലെ സ്കീം തൊഴിലാളികൾ 17 ന് രാജ്യ വ്യാപകമായി പണിമുടക്കും. അംഗൻവാടികളിൽ 27 ലക്ഷവും സ്കൂൾ പാചക തൊഴിലിൽ 28 ലക്ഷം പേരും

എൻ.എച്ച്.എമ്മിന് കീഴിൽ 10 ലക്ഷം ആശാ വർക്കർമാരും ജോലി ചെയ്യുന്നുണ്ട്. സ്കീം തൊഴിലാളികളുടെ പണിമുടക്ക് വിജയിപ്പിക്കണമെന്ന് സി.ഐ.ടി.യു സംസ്ഥാന സെക്രട്ടേറിയറ്റ് അഭ്യർത്ഥിച്ചു.

തൊഴുവൻകോട് ശ്രീ ചാമുണ്ഡീദേവിക്ഷേത്ര ഉത്സവം
2018 ജനുവരി 18 മുതൽ 28 വരെ
പൊങ്കാല ജനുവരി 28 ഞായറാഴ്ച രാവിലെ 5.30 മുതൽ
ക്ഷേത്ര പരിധിയിൽപ്പെടുന്ന കോർപറേഷൻ വാർഡുകൾ ഉത്സവ മേഖലയായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം: വട്ടിയൂർക്കാവ് തൊഴുവൻകോട് ശ്രീ ചാമുണ്ഡി ദേവി ക്ഷേത്രത്തിലെ ഉത്സവം ജനുവരി 18 ന് ആരംഭിച്ച് 28 - ന് സമാപിക്കും. ഉത്സവദിവസങ്ങളിൽ എല്ലാ ദിവസവും രാവിലെ 5 മണി മുതൽ ഗണപതി ഹോമം ഉണ്ടായിരിക്കും. പതിനൊന്നാം ഉത്സവദിവസം ഒഴികെ രാവിലെ 7 മണി മുതൽ 9 മണി വരെ നവഗ്രഹ ഹോമവും, നവഗ്രഹ പൂജയും, വൈകുന്നേരം 5.30 മുതൽ 9 മണി വരെ ശ്രീചക്രപൂജയും ഉണ്ടായിരിക്കുന്നതാണ്. ഒന്നാം ഉത്സവം മുതൽ നാലാം ഉത്സവം വരെ രാവിലെ ആറു മണി മുതൽ വൈകുന്നേരം 6 വരെ അഖണ്ഡ നാമജപവും, അഞ്ചാം ഉത്സവം മുതൽ 11-ാം ഉത്സവം വരെ രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ സപ്താഹവും നടക്കും.

1-ാം **ദിവസം** രാത്രി 9 മുതൽ ഗാനമേള. അവതരണം : ഉണ്ണിമേനോൻ, റഹ്മാൻ, മനീഷ, അനാമിക, 2-ാം **ദിവസം** രാത്രി 8 മുതൽ ഡാൻസ്. അവതരണം: തൊഴുവൻ കോട് ക്ഷേത്ര ട്രസ്റ്റ്. 3-ാം **ദിവസം** രാത്രി 9 മുതൽ പുലിയാട്ടം (നാടൻ പാട്ടും ദൃശ്യവിരുന്നും). അവതരണം : നാട്ടരങ്ങ്, തിരുവനന്തപുരം. 4-ാം **ദിവസം** രാത്രി 9 മുതൽ നാടകം : നിർഭയ, അവതരണം: തിരുവനന്തപുരം സൗപർണ്ണിക. 5-ാം **ദിവസം** രാത്രി 8.00 മുതൽ താണ്ഡവ് (സംഗീത വിസ്മയ്) അവതരണം : ക്ഷേത്ര കലാകേന്ദ്രം, 6-ാം **ദിവസം** രാത്രി 9 മുതൽ ഗാനമേള - അവതരണം : എം. ജയചന്ദ്രൻ, മധു ബാലകൃഷ്ണൻ, മൃദുല വാര്യർ, നിഷാദ്, സുദീപ് കുമാർ, അഖില, രവിശങ്കർ, നിഖിൽരാജ്, ശ്രേയകുട്ടി . 7-ാം **ദിവസം** രാത്രി 9 മുതൽ ഡാൻസ്. അവതരണം: കൃഷ്ണപ്രഭയും സംഘവും. . 8-ാം **ദിവസം** രാത്രി 9 മുതൽ നാടകം– കരുണ, അവതരണം : കാളിദാസ കലാകേന്ദ്രം. 9-ാം **ദിവസം** രാത്രി 9 മുതൽ ഗാനമേള. അവതരണം : വൈഷ്ണവ് ഗിരീഷ്, ഹരിശങ്കർ, അഭിലാഷ് വെങ്കിടാചലം, രേഷ്മ രാഘവേന്ദ്ര, ദേവിക, നാരായണി. 10-ാം **ദിവസം** രാത്രി 8 മുതൽ ഓട്ടൻതുള്ളൽ. അവതരണം: വിശ്വകലാകേന്ദ്രം, ബാലകൃഷ്ണൻ, 10 മണി മുതൽ നാടകം - അരണ. അവതരണം : തൃശൂർ സദ്ഗമയ. 11-ാം **ദിവസം** രാവിലെ 5.30 മുതൽ പൊങ്കാല. രാത്രി 7 മണി മുതൽ ഉരുൾ, രാത്രി 9 മണി മുതൽ താലപ്പൊലി, രാത്രി 10.30 മുതൽ കോമഡി ഷോ, ടീം ഓഫ് ട്രിവാൻഡ്രം (ഉല്ലാസ് പന്തളവും സംഘവും) വെളുപ്പിന് 3.30-ന് ഗുരുസി.

സ്ത്രീ ഭക്തജനങ്ങളുടെ സൗകര്യാർത്ഥവും തിക്കും തിരക്കും കുറഞ്ഞിരിക്കുന്നതിനുവേണ്ടിയും പൊങ്കാല ഇട്ടുതീരുന്ന മുറയ്ക്ക് നിവേദിച്ചു കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു കൊടുക്കുന്നതുമായിരിക്കും.

കഴിഞ്ഞ 48 വർഷങ്ങളായി ഈ ക്ഷേത്രത്തിൽ നിന്ന് യാതൊരു പിരിവും നടത്തിയിട്ടില്ല. ദക്ഷിണയില്ല. രണ്ടുതരം ആളുകളെ സൃഷ്ടിക്കാത്ത ഏക ക്ഷേത്രം. ഇവിടെ പ്രത്യേക പരിഗണന ആർക്കുംതന്നെ ഇല്ല. 18.01.2018 മുതൽ 27.01.2018 വരെയുള്ള 10 ദിവസങ്ങളിൽ **ഉച്ചയ്ക്ക് ഒരു മണിക്ക് ഔഷധക്കഞ്ഞി** ഉണ്ടായിരിക്കുന്നതാണ്. പതിനൊന്നു ദിവസം തുടർച്ചയായിട്ട് നട തുറക്കുന്നതുകൊണ്ട് രണ്ടുദിവസം (30.01.2018 ചൊവ്വാഴ്ചയും 02.02.2018 വെള്ളിയാഴ്ചയും) നട തുറക്കുന്നതല്ല. പൊങ്കാലദിവസം രാവിലെ 7.30 മുതൽ 1.00 മണി വരെ പുരുഷന്മാർക്ക് ക്ഷേത്ര കോമ്പൗണ്ടിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. താലപ്പൊലി നടക്കുന്ന സമയത്ത് ക്ഷേത്ര ജീവനക്കാരല്ലാത്ത പുരുഷന്മാർക്ക് ക്ഷേത്രത്തിനുള്ളിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല. ക്ഷേത്ര കോമ്പൗണ്ടിൽ യാതൊരു കച്ചവടങ്ങളും അനുവദിക്കുന്നതല്ല. ഉത്സവദിവസങ്ങളിൽ എല്ലാ ദിവസവും നടതുറക്കുന്നതാണ്. പകൽ നട അടയ്ക്കുന്നതല്ല. 18.01.2018 മുതൽ താലപ്പൊലി, ഉരുൾ നേർച്ചകൾക്ക് (50 രൂപ) രസീത് വാങ്ങാവുന്നതാണ്. മൊബൈൽ ഫോൺ, വീഡിയോ, ഫോട്ടോ കാമറകൾ തുടങ്ങിയവ ക്ഷേത്ര കോമ്പൗണ്ടിൽ പ്രവർത്തിപ്പിക്കരുത്. ഭക്തജനങ്ങൾ ക്ഷേത്രാചാര മര്യാദകൾ നിർബന്ധമായും പാലിക്കുക. പരിപാടികളിൽ മാറ്റം വരുത്തുവാൻ ക്ഷേത്രം ട്രസ്റ്റിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

ഫോൺ : 0471 – 2362339, 2362357.